**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1121 — 12-03-2015 ൽ മറുപടിക്ക്

## കോഴിക്കോട് ഡി. ഡി. ഇ ഓഫീസിലെ ക്രമക്കേട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് ഡി.ഡി.ഇ ഓഫീസിൽ നടന്ന അഴിമതിയിലും ക്രമക്കേടിലും എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി എടുത്തു എന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്താമോ: | (എ) | ശ്രീ. കെ.വി. വിനോദ് ബാബു, മുൻ വിദ്യാഭ്യാസ ഉപ ഡയറക്ടർ, ശ്രീ. പി.അജയകുമാർ, മുൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീ. ഇ.അശോകൻ, മുൻ ജൂനിയർ സൂപ്രണ്ട് എന്നീ മൂന്ന് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | മേൽപ്പറഞ്ഞവരിൽ ശ്രീ. കെ.വി. വിനോദ് ബാബു, ശ്രീ. ഇ.അശോകൻ എന്നിവർക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. പി. അജയകുമാറിനെതിരെ വകുപ്പുതല വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുമാണ് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നത്. എന്നാൽ നിലവിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ എന്ന വിവരം ഈ വകുപ്പിൽ ലഭ്യമല്ല. |
| (സി) | എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിലാണ് വിജിലൻസ് അന്വേഷണം നടന്നുവരുന്നത് എന്നു വെളിപ്പെടുത്തുമോ; | (സി) & (ഡി) | ബാധകമല്ല. |
| (ഡി) | വിജിലൻസ് അന്വേഷണം നേരിടുന്ന ജീവനക്കാർ ഇപ്പോൾ ജോലിയിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഓഫീസിലെന്നും ഏത് തസ്തികയിലാണ് ഇവർ ജോലി ചെയ്യുന്നത് എന്നും വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ